## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 216** — **07-10-2024 - ൽ മറുപടിയ്ക്ക്**

## കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് താലൂക്ക് ആശുപത്രിക്ക് വേണ്ടി നിർമ്മിച്ച പന്ത്രണ്ട് നിലകളുള്ള പുതിയ കെട്ടിടം പ്രവർത്തന സജ്ജമായിട്ടും ഉപയോഗപ്പെടുത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പുതിയ കെട്ടിടം പ്രവർത്തന സജ്ജമായിട്ടില്ല. നിർമ്മാണ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ജീവനക്കാരെ ക്രമീകരിച്ച് ആശുപത്രി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | നിലവിലെ മാനദണ്ഡമനുസരിച്ച് ആവശ്യമായ അധിക ജീവനക്കാരെ നിയമിക്കുന്നതിന് ഗ്യാപ് അനാലിസിസ് നടത്തി ഘട്ടംഘട്ടമായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കൂത്തുപറമ്പ് താലൂക്ക് ആശുപത്രി പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ സേവനങ്ങളും പുതിയ ബിൽഡിംഗിൽ ലഭ്യമാക്കുന്നതോടൊപ്പം ഐ.സി.യു (പീഡിയാട്രിക്സ്, ന്യൂബോൺ, മെഡിക്കൽ, സർജിക്കൽ) സൗകര്യവും ഓപ്പറേഷൻ തീയറ്റർ സമുച്ചയവും (ജനറൽ സർജറി, ഒഫ്താൽമോളജി, ഗൈനക്, ഇ.എൻ.ടി, ഓർത്തോ) പുതിയ കെട്ടിടത്തിൽ സജ്ജീകരിക്കുന്നതാണ്. കൂടാതെ 171 കിടക്കകളും മെഡിക്കൽ റെക്കോർഡ് ലൈബ്രറിയും സജ്ജീകരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ